2026
July
04
SATURDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# എല്ലാ ഗൾഫ് സർവീസുകളും പുനരാരംഭിച്ച് എയർ ഇന്ത്യ എക്സ്പ്രസ്

## സലാല, കുവൈത്ത് സർവീസിനും തുടക്കം

**കൊച്ചി:** കോഴിക്കോട് നിന്നു സലാല, കുവൈത്ത് സർവീസുകൾക്ക് വീണ്ടും തുടക്കമിട്ടതോടെ പശ്ചിമേഷ്യയിലേക്കുള്ള മുഴുവൻ വിമാന സർവീസുകളും പുനരാരംഭിച്ച് എയർ ഇന്ത്യ എക്സ്പ്രസ്. സലാല സർവീസുകൾ പുനരാരംഭിച്ചു. കോഴിക്കോട് കുവൈത്ത് സർവീസുകൾ ഇന്നും ബെംഗളൂരുവിൽ നിന്നു കുവൈത്തിലേക്കുള്ള സർവീസ് പുനരാരംഭിക്കും. ചൊവ്വ, വ്യാഴം ദിവസങ്ങളിൽ കോഴിക്കോട് നിന്നു രാവിലെ 11ന് സലാലയിലേക്കും ഉച്ചകഴിഞ്ഞ് 2.15ന് തിരികെ കോഴിക്കോട്ടേക്കുമാണ് സർവീസ്. കോഴിക്കോട് നിന്നു കുവൈത്തിലേക്കുള്ള വിമാനം വെള്ളി രാവിലെ 7.30ന് പുറപ്പെടും. 11.05ന് കുവൈത്തിൽ നിന്നു പുറപ്പെട്ട് വൈകിട്ട് 6.50ന് കോഴിക്കോട് എത്തും. ബെംഗളൂരുവിൽ നിന്നു കുവൈത്തിലേക്കുള്ള വിമാനം വെള്ളി പുലർച്ചെ 2.25ന് പുറപ്പെട്ട് രാവിലെ 4.50ന് എത്തും. അതേ ദിവസം രാവിലെ 5.50ന് തിരികെ പുറപ്പെടുന്ന വിമാനം ഉച്ചയ്ക്ക് 1.25ന് ബെംഗളൂരുവിൽ എത്തും. 5 മുതൽ കോഴിക്കോട് കുവൈത്ത് സെക്ടറിലെ വിമാന സർവീസ് ആഴ്ചയിൽ മൂന്നായി ഉയർത്തും. ഇതോടെ ബുധൻ, വെള്ളി, ഞായർ ദിവസങ്ങളിൽ പുലർച്ചെ 2.15ന് കോഴിക്കോട് നിന്നു കുവൈത്തിലേക്കും രാവിലെ 5.50ന് തിരിച്ചും സർവീസുകൾ ഉണ്ടായിരിക്കും. 7 മുതൽ ബെംഗളൂരു കുവൈത്ത് സെക്ടറിലും ആഴ്ചയിൽ മൂന്ന് ദിവസം സർവീസുകൾ ഉണ്ടാവും. തിങ്കൾ, ചൊവ്വ, ശനി ദിവസങ്ങളിൽ പുലർച്ചെ 2.25ന് ബെംഗളൂരുവിൽ നിന്നും, രാവിലെ 5.50ന് കുവൈത്തിൽ നിന്നുമായിരിക്കും സർവീസുകൾ. മസ്കത്തിലേക്കും സർവീസുകൾ പുനരാരംഭിച്ചിട്ടുണ്ട്.




## വിഴിഞ്ഞത്തെ വിദേശനിക്ഷേപം

# ടിഐഎല്ലിൽ അമേരിക്കൻ, സിംഗപ്പൂർ കമ്പനികൾക്കും ഓഹരി

**തിരുവനന്തപുരം:** വിഴിഞ്ഞത്ത് 13,270 കോടിയുടെ വിദേശനിക്ഷേപം നടത്തുന്ന എംഎസ്സി കമ്പനിയുടെ തുറമുഖ ഓപ്പറേറ്റിങ് വിഭാഗമായ ടെർമിനൽ ഇൻവെസ്റ്റ്മെന്റ് ലിമിറ്റഡിൽ (ടിഐഎൽ) 20 ശതമാനം ഓഹരി അമേരിക്കൻ കമ്പനിയായ ബ്ലാക്ക് റോക്കിന്റെ നിയന്ത്രണത്തിലുള്ള ഗ്ലോബൽ ഇൻഫ്രാസ്ട്രക്ചർ പാർടേണൺസിന്. 70 ശതമാനം ഓഹരി എംഎസ്സി കമ്പനിക്കും 10 ശതമാനം ഓഹരി സിംഗപ്പൂർ കമ്പനിയായ ജിഐഎസിക്കുമാണ്.

ഓഹരി കൈമാറ്റത്തിനുള്ള അനുമതിക്കായി അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് സർക്കാരിനു കത്തു നൽകി. ഈ ആവശ്യം ചീഫ് സെക്രട്ടറി ഉൾപ്പെട്ട മേൽനോട്ട സമിതി പരിശോധിച്ച് തുടർനടപടി സ്വീകരിക്കും.ടിഐഎല്ലിന്റെ സബ്സിഡിയറി കമ്പനിയായ മുണ്ടി ലിമിറ്റഡ് ആണ് വിഴിഞ്ഞത്ത് നിക്ഷേപം നടത്തുന്നതെന്നാണ് അദാനി ഗ്രൂപ്പ് സെബിക്കു നൽകിയ റിപ്പോർട്ടിൽ പറയുന്നത്. മുണ്ടി ലിമിറ്റഡുമായി ഓഹരി കൈമാറ്റത്തിന് ജൂൺ 29ന് കരാറിൽ ഏർപ്പെട്ടതായി 30നാണ് സെബിക്കു അറിയിപ്പ് നൽകിയിരിക്കുന്നത്. ഓഹരി വിൽപന പൂർത്തിയാക്കുന്നത് നിയമപരമായ അനുമതികളുടെ അടിസ്ഥാനത്തിലാണെന്നും കത്തിൽ പറയുന്നുണ്ട്. എന്നാൽ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെയാണ് ഓഹരി കൈമാറ്റ കരാറിൽ അദാനി ഗ്രൂപ്പ് ഏർപ്പെട്ടതെന്നും സർക്കാർ ഇതിന് അംഗീകാരം നൽകരുതെന്നും പ്രതിപക്ഷ നേതാവ് പിണറായി വിജയൻ ഇന്ന് ആവശ്യപ്പെട്ടിരുന്നു. കൺസഷൻ കരാറിന്റെ 5.3 വകുപ്പു പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടത് അനിവാര്യമാണെന്നും പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാട്ടിയിരുന്നു.

അതേസമയം, ഇന്ത്യൻ കമ്പനിയിൽ വിദേശനിക്ഷേപം വരുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചാണ് നീങ്ങുന്നതെന്നാണ് അദാനി ഗ്രൂപ്പ് വ്യക്തമാക്കുന്നത്. വിദേശനിക്ഷേപ കമ്പനിയുമായി കരാർ ഒപ്പുവച്ച ശേഷം സെബിയെ അറിയിച്ച് പൊതുപ്രഖ്യാപനം നടത്തുകയെന്നതാണ് ആദ്യനടപടി. കൺസഷൻ കരാർ ഉണ്ടെങ്കിൽ ഇതിനു ശേഷമാണ് ബന്ധപ്പെട്ട അധികൃതരിൽനിന്ന് അനുമതി തേടേണ്ടത്. ഈ വിഷയത്തിൽ സംസ്ഥാനത്തിന്റെയും കേന്ദ്രത്തിന്റെയും അനുമതി ലഭിച്ച ശേഷം മത്രമേ ഓഹരികൾ കൈമാറി ഇടപാട് അവസാനിപ്പിക്കാൻ കഴിയുകയുള്ളു. തുറമുഖത്തിന്റെ വാണിജ്യ പ്രവർത്തനം തുടങ്ങി ഒരു വർഷം കഴിഞ്ഞാൽ 74 ശതമാനം വരെ ഓഹരി വിൽക്കാം എന്നാണ് കരാർ എന്നും അദാനി ഗ്രൂപ്പ് ചൂണ്ടിക്കാട്ടുന്നു.

# എഥനോൾ വിതരണ വിഹിതം: തൽസ്ഥിതി തുടരാൻ സുപ്രീംകോടതി

**ന്യൂദൽഹി:** എഥനോൾ വിതരണ വിഹിതം സംബന്ധിച്ച് തൽസ്ഥിതി തുടരാൻ സുപ്രീം കോടതി ഉത്തരവ്. എഥനോൾ വിഹിതം വർധിപ്പിക്കണമെന്നാവശ്യപ്പെട്ട് ഒരു ഡിസ്റ്റിലറി കമ്പനി സമർപ്പിച്ച ഹർജിയിൽ തീരുമാനം എടുക്കാൻ വിവിധ എണ്ണക്കമ്പനികൾക്ക് കർണാടക ഹൈക്കോടതി നേരത്തേ നിർദേശം നൽകിയിരുന്നു. ഇതിനെതിരേ നൽകിയ അപ്പീലിലാണ് എഥനോൾ വിതരണത്തിൽ കേന്ദ്ര സർക്കാരിന്റെ നിലവിലെ രീതി തുടരാൻ ജസ്റ്റീസുമാരായ എം.എം. സുന്ദരേഷ്, ഷീൽ നാഗു എന്നിവരുടെ ബെഞ്ച് നിർദേശിച്ചത്.

ഹൈക്കോടതി വിധി നടപ്പാക്കുന്നത് രാജ്യത്തെ 20 ശതമാനം എഥനോൾപെട്രോൾ മിശ്രണ നയത്തെ പ്രതികൂലമായി ബാധിക്കുമെന്ന് ഭാരത് പെട്രോളിയം കോർപറേഷനു വേണ്ടി ഹാജരായ ഇന്ത്യയുടെ അറ്റോണി ജനറൽ ആർ. വെങ്കിട്ടരമണി കോടതിയിൽ വ്യക്തമാക്കി. എഥനോൾ വിതരണ കരാറുകൾ 2025 ഒക്ടോബറിൽതന്നെ അന്തിമമാക്കിയതാണെന്നും ഇതുമായി ബന്ധപ്പെട്ട നിരവധി ഹർജികൾ വിവിധ ഹൈക്കോടതികളിൽ നിലവിലുണ്ടെന്നും അദ്ദേഹം കോടതിയെ അറിയിച്ചു.

വാർഷിക ഉത്പാദന ശേഷി 9.90 കോടി ലിറ്ററാണെങ്കിലും തങ്ങൾക്ക് 2025-26 വർഷത്തേക്ക് 3.92 കോടി ലിറ്റർ മാത്രമേ അനുവദിച്ചുള്ളൂ എന്ന് ചൂണ്ടിക്കാട്ടി എഥനോൾ നിർമാതാക്കളായ വിൻപ് ഡിസ്റ്റിലറീസ് ആൻഡ് ഷുഗർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയാണ് നേരത്തെ ഹൈക്കോടതിയെ സമീപിച്ചത്.തങ്ങൾ പ്രത്യേകമായി എഥനോൾ നിർമാണത്തിന് വേണ്ടി മാത്രം പ്ലാൻറ് സ്ഥാപിച്ചവരാണെന്നും മറ്റ് കമ്പനികൾക്കു വിൽക്കാൻ കരാറില്ലാത്തതിനാൽ കുറഞ്ഞ വിഹിതം വലിയ സാമ്പത്തിക നഷ്ടമുണ്ടാക്കുമെന്നുമുള്ള കമ്പനിയുടെ വാദത്തിൻറെ അടിസ്ഥാനത്തിലാണ് അനുകൂല വിധി പുറപ്പെടുവിച്ചത്.






# തിരുവനന്തപുരം അതിരൂപത നവതിയുടെ നിറവിൽ

**തിരുവനന്തപുരം:** വിശ്വാസ ലക്ഷങ്ങൾക്ക് ആത്മീയ ചൈതന്യം പകർന്നു തിരുവനന്തപുരം അതിരൂപത നവതിയുടെ നിറവിലേക്ക്. 1937 ജൂലൈ ഒന്നിന് 'ഇൻ ഓറ മലബാറിക്ക' എന്ന വിജ്ഞാപനത്തിലൂടെയാണ് പയസ് പതിനൊന്നാമൻ മാർപ്പാപ്പ തിരുവനന്തപുരം രൂപത സ്ഥാപിച്ചത്. പിന്നീട് 1996 ജൂൺ 14ന് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ 'ആദ് ആപ്റ്റിയസ് പ്രൊവെഹെൻഡം' എന്ന അപ്പസ്തോലിക ഉത്തരവിലൂടെ നെയ്യാറ്റിൻകര രൂപത തിരുവനന്തപുരത്ത് നിന്ന് വിഭജിച്ചു. തുടർന്നു 2004 ജൂൺ 17ന് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ തിരുവന ന്തപുരത്തെ അതിരൂപതയുടെ പദവിയിലേക്ക് ഉയർത്തി. കൊല്ലം, ആലപ്പുഴ, നെയ്യാറ്റിൻകര, പുനലൂർ എന്നീ രൂപതകൾ തിരുവനന്തപുരം അതിരൂപതയ്ക്കു കീഴിലാണ്.

ബെൽജിയത്തിൽ ജനിച്ച് 1905ൽ പൗരോഹിത്യം സ്വീകരിച്ച ഡോ. വിൻസൻറ് ഡെറേ ഒസിഡി ആയിരുന്നു അതിരൂപതയുടെ ആദ്യ ബിഷപ്പ്. ഇന്ത്യയിലെത്തിയ അദ്ദേഹം 1926ൽ കൊല്ലത്താണ് കപ്പലിറങ്ങിയത്. സെൻറ് തെരേസ തിയോളജിക്കൽ സെമിനാരിയിൽ റെക്ടറും പ്രഫസറുമായിരുന്ന അദ്ദേഹം ബിഷപ്പ് അലോഷ്യസ് മരിയ ബെൻസിഗറിൻറെ പിൻഗാമിയായി 1936 മെയ് 13ന് കൊല്ലം ബിഷപ്പായി. അതിനുശേഷമായിരുന്നു പരിശുദ്ധ പയസ് പതിനൊന്നാമൻ മാർപാപ്പ അദ്ദേഹത്തെ 1937ൽ തിരുവനന്തപുരം രൂപതയുടെ ആദ്യ ബിഷപ്പായി നിയമിച്ചത്. 1937 മുതൽ 1966 വരെ സേവനമനുഷ്ഠിച്ചു.

തുടർന്ന് രണ്ടാമത്തെ ബിഷപ്പായി ഡോ. പീറ്റർ ബെർണാഡ് പെരേരയാണ് ചുമതലയേറ്റത്. അതിരൂപതയുടെ ആദ്യത്തെ ഇന്ത്യൻ ബിഷപ്പായിരുന്നു അദ്ദേഹം. നെടുമങ്ങാട് ചുള്ളിമാനൂരിലെ സേക്രട്ട് ഹാർട്ട് പള്ളിയിൽ സഹവികാരിയായി ആദ്യനിയമനം ലഭിച്ച അദ്ദേഹം 1961 ജൂലൈ നാലു മുതൽ തിരുവനന്തപുരത്തിൻറെ കോഅഡ്ജ്യൂട്ടർ കം ജൂറി പിന്തുടർച്ചക്കാരായിരുന്നു. 1966 ഒക്ടോബർ 24ന് അന്നത്തെ ബിഷപ് വിൻസൻറ് ഡി. ഡെറെയർ ഒസിഡി രാജിവച്ചപ്പോഴായിരുന്നു തിരുവനന്തപുരം രൂപത ബിഷപ്പ് പീറ്റർ ബെർണാഡ് പെരേരയുടെ കൈകളിലേക്ക് എത്തിയത്. 1978 വരെയായിരുന്നു അദ്ദേഹം ബിഷപ്പായി സേവനമനുഷ്ഠിച്ചത്.

തുടർന്ന് ഡോ. ജേക്കബ് അച്ചാരുപറമ്പിൽ ഒഎഫ്എം 1979 ഒക്ടോബർ ഏഴിന് ബിഷപ്പായി നിയമിതനായി. രൂപതയിൽ വ്യത്യസ്ത നവീകരണ പരിപാടികൾ അദ്ദേഹം പ്രോത്സാഹിപ്പിക്കുകയും നടപ്പാക്കുകയും ചെയ്തു. മതബോധനഗ്രന്ഥം, കേരള കത്തോലിക്കാ യുവജന പ്രസ്ഥാനം, ആരാധനക്രമം എന്നിവ സജീവമാക്കി. നന്ദാവനം ബിഷപ് പെരേര ഹാൾ, വെള്ളയമ്പലം ജൂബിലി മെമ്മോറിയൽ ആനിമേഷൻ സെൻറർ, ജൂബിലി മെമ്മോറിയൽ ഹോസ്പിറ്റൽ, കഴക്കൂട്ടം സെൻറ് വിൻസൻറ്സ് മൈനർ സെമിനാരി എന്നിവ അദ്ദേഹത്തിന്റെ കാലത്ത് നിർമിച്ചു.

പിന്നീട് ചുമതലയേറ്റ ആർച്ച്ബിഷപ് ഡോ. എം. സൂസപാക്യമാണ് തിരുവനന്തപുരത്തെ നാലാമത്തെ ബിഷപ്പും ആദ്യത്തെ മെട്രോപോളിറ്റൻ ആർച്ച്ബിഷപ്പും. 32 വർഷമാണ് അദ്ദേഹം തിരുവനന്തപുരം അതിരൂപതയെ നന്മയുടെ വഴിയിൽ നയിച്ചത്. 1989ൽ തിരുവനന്തപുരം രൂപതാ മെത്രാനായ അദ്ദേഹത്തെ 2004ൽ അതിരൂപതയുടെ മെത്രാപ്പൊലീത്തയായി ജോൺപോൾ രണ്ടാമൻ മാർപ്പാപ്പയായിരുന്നു നിയമിച്ചത്. എല്ലാ മേഖലയിലുമുള്ള അജഗണങ്ങൾക്കും പാർശ്വവത്കരിക്കപ്പെട്ട മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ അതിജീവിതത്തിനും ഉന്നമനത്തിനും മൂന്നു പതിറ്റാണ്ടിലേറെ അദ്ദേഹം മാർഗനിർദേശിയായി.

തിരുവനന്തപുരത്തിന്റെ സാമൂഹിക, സാംസ്കാരിക മേഖലകളിലും നിറസാന്നിധ്യമായിരുന്നു സൂസപാക്യം. മദ്യവിരുദ്ധ, പരിസ്ഥിതി സമരങ്ങളിൽ സാംസ്കാരിക പ്രവർത്തകർക്കൊപ്പവും മതസൗഹാർദവേദികളിൽ സാമുദായിക നേതൃത്വങ്ങൾക്കൊപ്പവും അദ്ദേഹം കൈകോർത്ത് പ്രവർത്തിച്ചു. മതസൗഹാർദ്ദത്തിൻറെയും പരിസ്ഥിതി സംരക്ഷണത്തിന്റെയും കാവലാളായി ഇന്നും അദ്ദേഹം മുന്നിൽത്തന്നെയുണ്ട്. ആർച്ച്ബിഷപ് ഡോ. തോമസ് ജെ. നെറ്റോയാണ് ഇന്ന് അതിരൂപതയെ നയിക്കുന്നത്.

തിരുവനന്തപുരം ലത്തീൻ അതിരൂപത നവതി ആഘോഷങ്ങൾക്ക് കഴിഞ്ഞ ദിവസം തുടക്കം കുറിച്ചു. അതിരൂപത ദിനമായ ജൂലൈ ഒന്നിനു പാളയം സെൻറ് ജോസഫ്സ് കത്തീഡ്രലിൽ അതിരൂപത സഹായ മെത്രാൻ ബിഷപ് ഡോ. ആർ. ക്രിസ്തുദാസിൻറെ മുഖ്യകാർമികത്വത്തിൽ നടന്ന പൊന്തിഫിക്കൽ ദിവ്യബലിയിൽ അതിരൂപതയുടെ നവതി ആഘോഷങ്ങൾ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. ക്രിസ്തുവിന്റെ സുവിശേഷം പ്രഘോഷിച്ചുകൊണ്ട് പ്രേഷിത ദൗത്യം നടത്തി ഒരുമിച്ച് മുന്നേറാൻ വചന സന്ദേശത്തിലൂടെ ബിഷപ് ക്രിസ്തുദാസ് ആഹ്വാനം ചെയ്തു.

ആർച്ച്ബിഷപ് എമരിറ്റസ് ഡോ. എം. സൂസപാക്യം, വികാരി ജനറാൾ മോൺ. യൂജിൻ എച്ച്. പെരേര തുടങ്ങിയവർ സഹകാർമികരായിരുന്നു. ദിവ്യബലി മധ്യേ നവതി ലോഗോയുടെ പ്രകാശന കർമം ആർച്ച്ബിഷപ് എമരിറ്റസ് ഡോ. എം. സൂസപാക്യം നിർവഹിച്ചു. ആഗോള കത്തോലിക്കാ സഭയുടെ വിശ്വാസ പാരമ്പര്യത്തോടും പ്രബോധനങ്ങളോടും വിശ്വസ്തത പുലർത്തിക്കൊണ്ട് ശതാബ്ദിയിലേക്ക് നീങ്ങുന്ന തിരുവനന്തപുരം ലത്തീൻ അതിരൂപത കേരളത്തിൻറെ വിദ്യഭ്യാസ, ആരോഗ്യ, സാമൂഹിക, സാംസ്കാരിക മേഖലകളിൽ നൽകിയ സംഭാവനകൾ വിലപ്പെട്ടതാണ്. ജൂലൈ അഞ്ചിന് അതിരൂപതയിലെ ഇടവകകളിൽ പതാക ഉയർത്തി ഇടവകതല നവതി ആഘോഷങ്ങൾക്ക് തുടക്കം കുറിക്കും.




# പരിസ്ഥിതി ലോല പ്രദേശ നിർണയം: കേരളത്തിന്റേത് കൃത്യമായ പഠനമെന്ന് മുഖ്യമന്ത്രി

**തിരുവനന്തപുരം:** പരിസ്ഥിതി ലോല പ്രദേശ (ഇ എസ് എ) നിർണയവുമായി ബന്ധപ്പെട്ട വിഷയത്തിൽ രാജ്യത്ത് ഏറ്റവും കൃത്യവും വിശദവുമായ പഠനം നടത്തിയ സംസ്ഥാനം കേരളമാണെന്നും, ഇത് കേന്ദ്രതലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ടെന്നുംമുഖ്യമന്ത്രി വി ഡി സതീശൻ പറഞ്ഞു. ഇ എസ് എ നിർണയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ സെക്രട്ടേറിയറ്റിൽ ചേർന്ന ഉന്നതതല യോഗത്തിൽ സംസാരിക്കുകയായിരുന്നു സതീശൻ.

ഉയർന്ന ജനസാന്ദ്രതയുണ്ടായിട്ടും സംസ്ഥാനത്തിന് മികച്ച വനവിസ്തൃതിയും പച്ചപ്പും നിലനിർത്താൻ കഴിഞ്ഞിട്ടുണ്ട്. ഇടുക്കി ഉൾപ്പെടെയുള്ള ജില്ലകളിൽ മുൻകാലങ്ങളിൽ തെറ്റായി വനമായി വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങൾ ഒഴിവാക്കുമെന്ന ഉറപ്പ് സർക്കാർ നടപ്പാക്കും. ഭൂമിയുമായി ബന്ധപ്പെട്ട കേസുകളിൽ ഉൾപ്പടെ ഹൈക്കോടതിയിലും മറ്റ് കോടതികളിലും സമർപ്പിക്കുന്ന സത്യവാങ്മൂലങ്ങളിൽ സർക്കാർ വകുപ്പുകൾ ഏകീകൃത നിലപാട് സ്വീകരിക്കണമെന്നും ഇത് സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സതീശൻ പറഞ്ഞു.

പരിസ്ഥിതി ലോല പ്രദേശങ്ങളുടെ വിസ്തൃതിയുമായി ബന്ധപ്പെട്ട് സംസ്ഥാനം സമർപ്പിച്ച കണക്കുകൾ കൃത്യമാണെന്ന് യോഗം വിലയിരുത്തി. പരിസ്ഥിതി സംരക്ഷണത്തിൽ കേരളം സ്വീകരിച്ച നടപടികൾ കേന്ദ്രതല ഇ എസ് എ സമിതിയെ ബോധ്യപ്പെടുത്താനും യോഗം തീരുമാനിച്ചു.

മന്ത്രിമാരായ സണ്ണി ജോസഫ്, ഷിബു ബേബി ജോൺ, ടി സിദ്ദിഖ്, എ പി അനിൽകുമാർ, അനൂപ് ജേക്കബ്, ചീഫ് സെക്രട്ടറി ബിശ്വനാഥ് സിൻഹ, വകുപ്പ് സെക്രട്ടറിമാർ, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ ഫയൽ അദാലത്ത് 2026

**തിരുവനന്തപുരം:** സംസ്ഥാന പിന്നാക്ക ക്ഷേമ, പട്ടികജാതി പട്ടികവർഗ വികസന വകുപ്പുകളിൽ കെട്ടിക്കിടക്കുന്ന അപേക്ഷകളും ഫയലുകളും എത്രയും വേഗം തീർപ്പാക്കുന്നതിനായി 'ഫയൽ അദാലത്ത് 2026' സംഘടിപ്പിക്കുന്നു. വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുമായി മന്ത്രി കെ.എ. തുളസി നടത്തിയ അടിയന്തര അവലോകന യോഗത്തിലാണ് ഈ തീരുമാനം. സർക്കാരിന്റെ 100 ദിന കർമ്മപരിപാടികൾ സമയബന്ധിതമായും ഏറ്റവും മികച്ച രീതിയിലും നടപ്പിലാക്കണമെന്നും, പരമാവധി അപേക്ഷകർക്ക് വേഗത്തിൽ ആനുകൂല്യങ്ങളും സഹായങ്ങളും ലഭ്യമാക്കണമെന്നും മന്ത്രി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.



പുതിയ സർക്കാർ അധികാരമേറ്റതിന്റെ പശ്ചാത്തലത്തിൽ, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിലും പിന്നക്ക വികസന വകുപ്പിലും അതിനു കീഴിലുള്ള ഡയറക്ടറേറ്റുകളിലും സബ് ഓഫീസുകളിലും ഭരണനിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുകയാണ് ഈ അദാലത്തിലൂടെ ലക്ഷ്യമിടുന്നത്. 2026 ജൂലൈ 6 മുതൽ ജൂലൈ 31 വരെയാണ് ഫയൽ അദാലത്ത് സംഘടിപ്പിക്കുന്നത്. ഈ കാലയളവിനുള്ളിൽ ഓരോ ഓഫീസിലെയും ഓരോ സെക്ഷനിലും കെട്ടിക്കിടക്കുന്ന ഫയലുകളുടെയും തപാലുകളുടെയും എണ്ണം കൃത്യമായി കണ്ടെത്തി അടിയന്തരമായി തീർപ്പുകൽപ്പിക്കേണ്ടതുണ്ട്.

അദാലത്ത് പ്രവർത്തനങ്ങൾ മികച്ച രീതിയിൽ ഏകോപിപ്പിക്കുന്നതിന് വകുപ്പുകളിലും ഡയറക്ടറേറ്റുകളിലും അതിനു കീഴിലുള്ള എല്ലാ ജില്ലാ, സബ് ഓഫീസുകളിലും ഒരു മുതിർന്ന ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തി. അവരെ സഹായിക്കാൻ ഒരു സെക്ഷനെ നോഡൽ സെക്ഷനായും നിയോഗിച്ചിട്ടുണ്ട്. നോഡൽ ഓഫീസർമാരുടെയും സെക്ഷനുകളുടെയും വിവരങ്ങളും, തീർപ്പാക്കാൻ ബാക്കിയുള്ള ഫയലുകളുടെയും തപാലുകളുടെയും കൃത്യമായ കണക്കുകളും രേഖപ്പെടുത്തുന്നതിനായി പ്രത്യേക ഗൂഗിൾ ഷീറ്റ് സംവിധാനം തയ്യാറാക്കും.

അദാലത്ത് പോർട്ടലിൽ വിവരങ്ങൾ നൽകുമ്പോൾ ഫയലുകൾ കോടതി കേസുകൾ, അക്കൗണ്ടന്റ് ജനറലുമായി ബന്ധപ്പെട്ട വിഷയങ്ങൾ, വികസന പദ്ധതികൾ, ക്ഷേമ പദ്ധതികൾ, ഗ്രാന്റുകൾ, നിവേദനങ്ങൾ, പരാതികൾ, അച്ചടക്ക നടപടി എന്നിങ്ങനെ കൃത്യമായി തരംതിരിക്കാനും യോഗത്തിൽ മന്ത്രി നിർദ്ദേശം നൽകി.

പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പെറ്റീഷനുകൾ മറുപടി നൽകാതെ കെട്ടിക്കിടക്കുന്നത് വലിയ വീഴ്ചയായി കണക്കാക്കും. പരാതി പരിഹരിക്കാൻ കൂടുതൽ സമയം ആവശ്യമാണെങ്കിൽ ആ വിവരം കാരണ സഹിതം അപേക്ഷകനെ രേഖാമൂലം അറിയിക്കണമെന്നും അദാലത്ത് പ്രവർത്തനങ്ങളിൽ യാതൊരുവിധ കാലതാമസവും അനുവദിക്കില്ലെന്നും മന്ത്രി കെ.എ. തുളസി വ്യക്തമാക്കി. ഫയൽ തീർപ്പാക്കലിന്റെ പുരോഗതി വിലയിരുത്താൻ സബ് ഓഫീസ് തലത്തിലും ഡയറക്ടറേറ്റ്, സെക്രട്ടേറിയറ്റ് തലങ്ങളിലും ഓരോ ആഴ്ചയിലും മേൽത്തട്ടിലുള്ള അദാലത്തുകളും അവലോകനങ്ങളും നടത്തുന്നതാണെന്നും മന്ത്രി അറിയിച്ചു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറി ഡോ. എ. കൗശികൻ, പ്രൈവറ്റ് സെക്രട്ടറി ഇർഷാദ് എം എസ്, സ്പെഷ്യൽ സെക്രട്ടറി മിനിമോൾ വി ജി, വകുപ്പിലെ മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

## എം.ജി സർവകലാശാല

# വയോജന സുരക്ഷാ ശില്പശാല

മഹാത്മാഗാന്ധി സർവകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആൻഡ് എക്സ്റ്റൻഷൻ, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷനുമായി സഹകരിച്ച് 'കേരളത്തിലെ വാർദ്ധക്യവും ലിംഗ പദവിയും മനുഷ്യ സുരക്ഷയും' എന്ന വിഷയത്തിൽ ഏക ദിന ശില്പശാല സംഘടിപ്പിക്കുന്നു. ശനിയാഴ്ച രാവിലെ 10:00 മണിക്ക് മലപ്പുറം ജില്ലാ പ്ലാനിംഗ് കമ്മിറ്റി കോൺഫറൻസ് ഹാളിലാണ് പരിപാടി. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി കെ.എം. ഷാജി ഉദ്ഘാടനം ചെയ്യും.

സംസ്ഥാന സർക്കാരിൻറെ പ്ലാൻ പ്രോജക്ടിന്റെ ഭാഗമായി നടക്കുന്ന ശില്പശാലയിൽ വയോജനങ്ങളുടെ, പ്രത്യേകിച്ച് പ്രായമായ സ്ത്രീകളുടെ സാമൂഹികസാമ്പത്തിക സുരക്ഷാ പ്രശ്നങ്ങളാണ് ചർച്ച ചെയ്യുന്നത്. കെ.ജി.പി.എ പ്രസിഡൻറ് ശ്രീ അനിൽ അക്കര അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ജില്ലാ കളക്ടർ ഡോ. വിനയ് ഗോയൽ മുഖ്യാതിഥിയാകും. ജനപ്രതിനിധികൾ, സാമൂഹിക നീതിഐ.സി.ഡി.എസ് ഉദ്യോഗസ്ഥർ, അങ്കണവാടി, കുടുംബശ്രീ,ആശാവർക്കർമാർ എന്നിവർ ചർച്ചകളിൽ പങ്കാളികളാകും.

### ഹ്രസ്വകാല കോഴ്സുകൾ: അപേക്ഷ ജൂലൈ 31 വരെ

മഹാത്മാഗാന്ധി സർവകലാശാല നടത്തുന്ന വിവിധ പാർട്ട് ടൈം ഹൈബ്രിഡ് കോഴ്സുകളിലേക്ക് (ഓൺലൈൻ & ഓഫ് ലൈൻ) അപേക്ഷിക്കാനുള്ള തീയതി ജൂലൈ 31 വരെ നീട്ടി. ഞായറാഴ്ചകളിലും രണ്ടാം ശനിയാഴ്ചകളിലുമാണ് ക്ലാസുകൾ.

പ്ലസ് ടു യോഗ്യതയുള്ളവർക്ക് വെയർഹൗസിംഗ്, വേസ്റ്റ് മാനേജ്മെൻറ്, ടാലി ഡാറ്റ അനാലിസിസ്, വെബ് ടെക്നോളജീസ് എന്നിവയിൽ ആറുമാസത്തെ സർട്ടിഫിക്കറ്റ് കോഴ്സുകൾക്കും, ഡിസബിലിറ്റി ഡിറ്റക്ഷൻ, ഫിനാൻഷ്യൽ അക്കൗണ്ടിംഗ് എന്നിവയിൽ ഒരു വർഷത്തെ ഡിപ്ലോമ കോഴ്സുകൾക്കും അപേക്ഷിക്കാം.

ഡിഗ്രി യോഗ്യതയുള്ളവർക്കായി ഹൈപ്പോതിസിസ് ടെസ്റ്റിംഗ്, ലാറ്റക്സ് പ്രോഡക്ട്സ്, എഐ ആൻറ് ഡീപ്പ് ലേണിംഗ്, ഇലക്ട്രോകെമിക്കൽ എനർജി, ഡിജിറ്റൽ മാർക്കറ്റിംഗ്, ഫുഡ് പാക്കേജിംഗ്, നാനോസയൻസ്, കെമിക്കൽ അനാലിസിസ്, ഫുഡ് അനാലിസിസ്, ഇമോഷണൽ ഇൻറലിജൻസ് എന്നിവയിൽ ആറുമാസത്തെ പി.ജി സർട്ടിഫിക്കറ്റ് കോഴ്സുകളും, ഫുഡ് അനാലിസിസിൽ ഒരു വർഷത്തെ പി.ജി ഡിപ്ലോമ കോഴ്സും ലഭ്യമാണ്. വിശദ വിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കുക.

### എം.എസ്.സി ഫിസിക്സ് സ്പോട്ട് അഡ്മിഷൻ

മഹാത്മാഗാന്ധി സർവകലാശാല ക്യാമ്പസിലെ സ്കൂൾ ഓഫ് പ്യൂർ ആൻഡ് അപ്ലൈഡ് ഫിസിക്സ് വകുപ്പിൽ എം.എസ്സി ഫിസിക്സ് കോഴ്സിൽ എസ്സി വിഭാഗത്തിൽ ഒഴിവുള്ള രണ്ട് സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടക്കുന്നു. യോഗ്യരായ വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ജൂലൈ 8 ബുധനാഴ്ച രാവിലെ 10 മണിക്ക് വകുപ്പ് ഓഫീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക.

### മ്യൂസിക് ആന്റ് ഫൈൻ ആർട്സ് ബിരുദ ഏകജാലകം: രണ്ടാം അലോട്ട്മെൻറ്

ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്സ് ബിരുദ ഏകജാലക പ്രവേശനത്തിനായുള്ള രണ്ടാം അലോട്ട്മെൻറ് ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. അപേക്ഷകർക്ക് ജൂലൈ 7 വരെ രജിസ്റ്റർ ചെയ്യുന്നതിനും പുതിയ ഓപ്ഷനുകൾ സമർപ്പിക്കുന്നതിനുമുള്ള സൗകര്യം ഓൺലൈനിൽ ലഭ്യമാണ്. വെബ്സൈറ്റ്: cap.mgu.ac.in

### വൈവ വോസി

നാലാം സെമസ്റ്റർ എംഎ ഇംഗ്ലീഷ് പ്രൈവറ്റ് രജിസ്ട്രേഷൻ (സിഎസ്എസ്) (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 ന്റെ വൈവ വോസി, ഡിസ്സർട്ടേഷൻ ഇവാലുവേഷൻ ജൂലൈ 9ന് നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷക്ക് അപേക്ഷിക്കാം

രണ്ടാം സെമസ്റ്റർ എംബിഎ (2025 അഡ്മിഷൻ റഗുലർ, 2022 മുതൽ 2024 വരെ അഡ്മിഷനുകൾ സപ്ലിമെൻറി, 2021 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2020 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2019 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) പരീക്ഷകൾ ജൂലൈ 22 മുതൽ നടക്കും. ജൂലൈ 9 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ജൂലൈ 10 വരെയും സൂപ്പർ ഫൈനോടുകൂടി ജൂലൈ 17 വരെയും അപേക്ഷ സ്വീകരിക്കും.

### പരീക്ഷാ തീയതി

അഫിലിയേറ്റഡ് കോളേജുകളിലെ രണ്ടാം സെമസ്റ്റർ പഞ്ചവത്സര എൽഎൽബി പരീക്ഷകൾ, ത്രിവത്സര യൂണിറ്ററി എൽഎൽബി പരീക്ഷകൾ ജൂലൈ 17 മുതൽ നടക്കും.

# രാജ്യത്തെ ആദ്യ ഗ്രീൻഫീൽഡ് റിഫൈനറി പെട്രോകെമിക്കൽ സമുച്ചയം ഇന്ന് രാജ്യത്തിന് സമർപ്പിക്കും

**ന്യൂദൽഹി:** രാജസ്ഥാനിലെ പച്ച്പദ്രയിൽ 79,450 കോടി രൂപയുടെ നിക്ഷേപത്തിൽ നിർമിച്ച രാജ്യത്തെ ആദ്യ ഗ്രീൻഫീൽഡ് സംയോജിത റിഫൈനറിപെട്രോകെമിക്കൽ സമുച്ചയം പ്രധാനമന്ത്രി നരേന്ദ്ര മോദി ശനിയാഴ്ച രാജ്യത്തിന് സമർപ്പിക്കും. എച്ച്പിസിഎല്ലും രാജസ്ഥാൻ സർക്കാരും സംയുക്തമായി നടപ്പാക്കിയ ഈ പദ്ധതി രാജ്യത്തിന്റെ ഊർജസുരക്ഷയും പെട്രോകെമിക്കൽ ഉൽപ്പാദനശേഷിയും വർധിപ്പിക്കുന്നതിൽ നിർണായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

രാജസ്ഥാൻ, ഗുജറാത്ത് സംസ്ഥാനങ്ങളിലെ സന്ദർശനത്തിനിടെയാണ് പ്രധാനമന്ത്രി പദ്ധതി ഉദ്ഘാടനം ചെയ്യുന്നത്. ആകെ 1.06 ലക്ഷം കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് അദ്ദേഹം തുടക്കമിടുകയും ജയ്പൂർ മെട്രോ രണ്ടാംഘട്ടത്തിന് തറക്കല്ലിടുകയും ചെയ്യും. ജോധ്പൂരിൽ പുതിയ വിമാനത്താവള ടെർമിനലും പരിഷ്കരിച്ച ഉഡാൻ പദ്ധതിയും ഉദ്ഘാടനം ചെയ്യും. ഗുജറാത്തിലെ സാനന്ദിൽ 7,500 കോടി രൂപയുടെ സെമികണ്ടക്ടർ അസംബ്ലി ആൻഡ് ടെസ്റ്റിംഗ് (ഒസാറ്റ്) യൂണിറ്റും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.



# കൈത്താങ്ങായി കായകൽപ്പം ജനസമ്പർക്കം: വയനാടിന് ഹെൽത്ത് പാക്കേജ് പ്രഖ്യാപിച്ച് മന്ത്രി കെ.മുരളീധരൻ

**തിരുവനന്തപുരം:** ആരോഗ്യ രംഗത്ത് വയനാട് ജില്ല നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ നിർദ്ദേശിച്ച് ജനകീയ ഇടപെടലായി ആരോഗ്യം ദേവസ്വം വകുപ്പ് മന്ത്രി കെ.മുരളീധരന്റെ കായകൽപ്പം ജനസമ്പർക്ക പരിപാടി. ജില്ലയ്ക്കായി ഒരു ഡസനിൽ അധികം പദ്ധതികൾ ഉൾപ്പെടുന്ന പ്രത്യേക ഹെൽത്ത് പാക്കേജും മന്ത്രി പ്രഖ്യാപിച്ചു. വയനാട് കളക്ടറേറ്റിലെ എ.പി.ജെ ഹാളിൽ നടന്ന കായകൽപ്പം ജനസമ്പർക്ക പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. വയനാടിന്റെ ആരോഗ്യമേഖലയ്ക്ക് പുതുജീവൻ നൽകുന്ന കർമ്മ പദ്ധതികളാണ് മന്ത്രി പ്രഖ്യാപിച്ചത്.

നിലവിൽ വയനാട് മെഡിക്കൽ കോളേജിനായി കണ്ടെത്തിയ സ്ഥലം സംരക്ഷിത വനഭൂമിയായതിനാൽ യോജ്യമല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. മാനന്തവാടിയിൽ മറ്റൊരു സ്ഥലം ലഭ്യമാക്കാനുള്ള സാധ്യതകൾ തേടുകയാണ്. ഇക്കാര്യത്തിൽ വേഗത്തിൽ തീരുമാനമെടുത്ത് അടിസ്ഥാന സൗകര്യവികസനം സാധ്യമാക്കിയില്ലെങ്കിൽ അടുത്ത വർഷം കോളേജിന് അംഗീകാരം നഷ്ടമാവുന്ന സ്ഥിതിയുണ്ടാവും. ഇത് തടയാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് എത്രയും വേഗം ഉചിതമായ തീരുമാനമെടുക്കും.

വൈത്തിരി ആശുപത്രിയെ ജില്ലാ മാതൃകാ ആശുപത്രിയാക്കി ഉയർത്തും. ഇവിടെ ക്രിട്ടിക്കൽ കെയർ വിഭാഗത്തിന് ഉടൻ തറക്കല്ലിടും.

ജില്ലയിലെ സർക്കാർ മേഖലയിലുള്ള എം.ആർ.ഐ സ്കാനിംഗ് അപര്യാപ്തത പരിഹരിക്കാൻ ഒരു പ്രധാന ആശുപത്രിയിൽ എം.ആർ.ഐ സ്കാനിംഗ് ഉടൻ സജ്ജമാക്കും. ജില്ലയിലെ എല്ലാ ആശുപത്രികളിലും മതിയായ തസ്തിക സൃഷ്ടിച്ച് ജീവനക്കാരെ നിയോഗിക്കും.

മുടങ്ങിക്കിടക്കുന്ന ഫണ്ടുകൾ ലഭ്യമാക്കുന്നതും ഉൾപ്പെടെയുള്ള ആവശ്യങ്ങളിൽ നടപടിയുണ്ടാകും. ജില്ലാ മെഡിക്കൽ ഓഫിസിന് (ആരോഗ്യം) സ്വന്തമായി കെട്ടിടമില്ലാത്ത സാഹചര്യത്തിൽ ഓഫീസ് കെട്ടിടം നിർമ്മിക്കും. ബത്തേരി താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയാക്കി ഉയർത്തും. മനുഷ്യ വന്യജീവി സംഘർഷം നിലനിൽക്കുന്ന സ്ഥലങ്ങളിൽ മൊബൈൽ മെഡിക്കൽ യൂണിറ്റ് സ്ഥാപിക്കും. ജില്ലയ്ക്ക് ഒരു സൂപ്പർസ്പെഷ്യാലിറ്റി ആശുപത്രി ഉടനുണ്ടാകും. വയനാട് ക്യാൻസർ ബാധിതരുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യത്തിൽ വിശദമായ പഠനം നടത്തും. മോട്ടോർ ന്യൂറോൺ രോഗം ബാധിച്ച് ചികിത്സയിൽ കഴിയുന്ന കമ്പളക്കാട് സ്വദേശി അനീഷിന്റെ കുടുംബത്തിന് ആരോഗ്യകിരണം പദ്ധതിവഴി ചികിത്സാ സഹായം നൽകുമെന്നും മന്ത്രി അറിയിച്ചു.

ഷിഗെല്ല ഉൾപ്പെടെയുള്ള ജനജന്യ രോഗങ്ങൾ തടയുന്നതിന് ജലപരിശോധനകൾ കർശനമാക്കും. ആരോഗ്യ വകുപ്പിന്റെ കാര്യക്ഷമമായ ഇടപെടൽ കൊണ്ട് നിപയുടെ വ്യാപനം ഫലപ്രദമായി തടയാനായി. കൂട്ടായ പ്രവർത്തനം കൊണ്ട് ഷിഗെല്ല നിയന്ത്രിക്കാനായെന്നും മന്ത്രി പറഞ്ഞു. ആരോഗ്യ മേഖലയിലെ വെല്ലുവിളികൾ, പ്രതിസന്ധികൾ, ആരോഗ്യ രംഗത്ത് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പദ്ധതി നിശ്ചയിക്കൽ എന്നിവയും മണ്ഡലാടിസ്ഥാനത്തിൽ ഉയർന്നു വരുന്ന അഭിപ്രായങ്ങളും നിർദേശങ്ങളും ഉൾപ്പെടുത്തി ആരോഗ്യ മേഖലയുടെ സമഗ്ര വികസനത്തിനായി പദ്ധതി തയ്യാറാക്കുകയാണ് ജനസമ്പർക്ക പരിപാടിയുടെ ലക്ഷ്യം.ഉദ്ഘാടന സമ്മേളനത്തിന് ശേഷം ഓരോ നിയമസഭാ മണ്ഡലത്തിന്റെയും അടിസ്ഥാനത്തിൽ പ്രത്യേക യോഗം നടത്തിയാണ് മന്ത്രി അഭിപ്രായങ്ങളും നിർദേശങ്ങളും പരാതികളും കേട്ടത്. പരാതികളും നിർദേശങ്ങളും സ്വീകരിക്കാൻ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പ്രത്യേക കൗണ്ടറുകളും സജ്ജീകരിച്ചിരുന്നു.

കൃഷി വകുപ്പ് മന്ത്രി അഡ്വ.ടി.സിദ്ദീഖ് അദ്ധ്യക്ഷനായി. വയനാടിന്റെ ആരോഗ്യമേഖലയുടെ താളംതെറ്റൽ പുനഃക്രമീകരിക്കാനാണ് ജനസമ്പർക്ക പരിപാടിയിൽ ഉദ്ദേശിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. വയനാടിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ സർക്കാർ ഒപ്പമുണ്ടാകുമെന്നും മന്ത്രി പറഞ്ഞു.

എൽ.എമാരായ ഐ.സി ബാലകൃഷ്ണൻ, ഉഷ വിജയൻ, വയനാട് എം.പി പ്രിയങ്കാ ഗാന്ധിയുടെ പ്രതിനിധി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചന്ദ്രിക കൃഷ്ണൻ, വൈസ് പ്രസിഡന്റ് ടി. ഹംസ, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശർമിള മേരി ജോസഫ്, ജില്ലാ കലക്ടർ ഡി.ആർ മേഘശ്രീ, എൻ എച്ച് എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ അനു എസ് നായർ ഐ.എ എസ്., സബ് കളക്റ്റർ അതുൽ സാഗർ, ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. വി മീനാക്ഷി, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. കെ.വി വിശ്വനാഥൻ, ഐ.എസ്.എം ഡയറക്ടർ ഡോ. പ്രീയ കെ.എസ്, ഹോമിയോ വകുപ്പ് ഡയറക്ടർ ഡോ. എം.പി ബീന, കല്പറ്റ വാർഡ് കൗൺസിലർ ദീപ, എഡി എം കെ അജീഷ്, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ മൊയ്തീൻ ഷാ പി.എം, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ വി ആർ ഷീജ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# പനോരമ സ്റ്റുഡിയോസിന്റെ ചിത്രത്തിന് തുടക്കം

പനോരമ സ്റ്റുഡിയോസിന്റെ പുതിയ മലയാള ചിത്രം പ്രൊഡക്ഷൻ നമ്പർ 4, ഇന്ന് കൊച്ചിയിലെ സ്റ്റുഡിയോയിൽ നടന്ന പൂജാ ചടങ്ങുകളോടെ ആരംഭിച്ചു. പ്രശസ്ത നിർമ്മാതാക്കളായ കുമാർ മംഗത് പഥക്, അഭിഷേക് പഥക് എന്നിവർ നിർമ്മിക്കുന്ന ചിത്രം അതിരൻ, ദി ടീച്ചർ എന്നീ ശ്രദ്ധേയ ചിത്രങ്ങളുടെ സംവിധായകനായ വിവേക് ആണ് സംവിധാനം ചെയ്യുന്നത്. മിസ്റ്ററി ത്രില്ലർ ജോണറിൽ ഒരുങ്ങുന്ന ചിത്രം, ദൃശ്യഭംഗിയും ദുരൂഹതയും അപ്രതീക്ഷിത ട്വിസ്റ്റുകളും നിറഞ്ഞ കഥയിലൂടെ പ്രേക്ഷകർക്ക് മികച്ച തിയേറ്റർ അനുഭവം സമ്മാനിക്കുന്ന ചിത്രമായിരിക്കും.




സംഗീത് പ്രതാപ്, അന്നാ ബെൻ എന്നിവർ ചിത്രത്തിലെ കേന്ദ്ര കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. അന്ന ബെൻ തന്റെ കരിയറിലെ ഏറ്റവും വ്യത്യസ്തവും അഭിനയപ്രാധാന്യമുള്ളതുമായ കഥാപാത്രത്തിലാണ് ഈ ചിത്രത്തിൽ എത്തുന്നത്. സംഗീത് പ്രതാപും തന്റെ അഭിനയ ജീവിതത്തിലെ ഏറ്റവും വെല്ലുവിളി നിറഞ്ഞ കഥാപാത്രത്തെയാണ് പ്രൊഡക്ഷൻ നമ്പർ 3യിൽ അവതരിപ്പിക്കുന്നത്.

ചിത്രത്തിന്റെ തിരക്കഥയും സംഭാഷണവും രവിശങ്കർ ആണ് ഒരുക്കുന്നത്. സംവിധായകൻ വിവേകിനൊപ്പമുള്ള അദ്ദേഹത്തിന്റെ ആദ്യ ചിത്രമാണിത്. രവിശങ്കർ രചിച്ച പെണ്ണും പൊറോട്ടും എന്ന ചിത്രം 2025ലെ കഎഎക, കഎഎഗ ചലച്ചിത്രമേളകളിലേക്ക് തിരഞ്ഞെടുക്കപ്പെടുകയും പ്രേക്ഷകരുടെയും നിരൂപകരുടെയും മുക്തകണ്ഠമായ പ്രശംസ നേടുകയും ചെയ്തിരുന്നു.

സാങ്കേതിക രംഗത്തും മികച്ച പ്രതിഭകളാണ് ചിത്രത്തിനായി ഒന്നിക്കുന്നത്. കലാസംവിധായകൻ എം. ബാവ തന്റെ കരിയറിലെ 120 മത് ഫീച്ചർ ഫിലിം ഈ ചിത്രത്തിലൂടെയാണ് പൂർത്തിയാക്കുന്നത്. പരസ്യചിത്രങ്ങളിലൂടെ ശ്രദ്ധ നേടിയ ചെറിൻ പോൾ ഈ ചിത്രത്തിലൂടെ ആദ്യമായി സിനിമയിൽ ഛായാഗ്രാഹകനാകുന്നു. 'ഭ്രമയുഗം' എന്ന ചിത്രത്തിലൂടെ ശ്രദ്ധേയനായ മെൽവിൻ ജോയ് വസ്ത്രാലങ്കാരവും അമൽ കുമാർ മേക്കപ്പും നിർവഹിക്കുന്നു. ചിത്രത്തിന്റെ ഒറിജിനൽ ബാക്ക്ഗ്രൗണ്ട് സ്കോർ ഒരുക്കുന്നത് ഡോൺ വിൻസെന്റ് ആണ്. സംഗീത സംവിധാനത്തിൽ പ്രമുഖ ഇൻഡിപെൻഡന്റ് സംഗീതജ്ഞരും ചിത്രത്തിൽ പങ്കുചേരും. എക്കോ എന്ന ചിത്രത്തിന്റെ ആക്ഷൻ കൊയോഗ്രാഫറായ ശ്രാവൺ സത്യയാണ് ഈ ചിത്രത്തിന്റെയും ആക്ഷൻ ഒരുക്കുന്നത്. പ്രൊഡക്ഷൻ കൺട്രോളർ ജാവേദ് ചെമ്പ് ആണ്.


പനോരമ സ്റ്റുഡിയോസ് അവതരിപ്പിക്കുന്ന പ്രൊഡക്ഷൻ നമ്പർ 4, കുമാർ മംഗത് പഥക്, അഭിഷേക് പഥക് എന്നിവർ നിർമ്മിക്കുമ്പോൾ റാം മിർചന്ദാനി, രാജേഷ് മേനോൻ എന്നിവർ ചിത്രത്തിന്റെ സഹനിർമ്മാതാക്കളും അഭിനവ് മെഹ്റോത്ര ക്രിയേറ്റീവ് പ്രൊഡ്യൂസറുമാണ്. ചിത്രത്തിന്റെ ചിത്രീകരണം ജൂലൈ മാസം പകുതിയോടെ ആരംഭിക്കും. ചിത്രത്തിന്റെ ഔദ്യോഗിക പേര് ഉൾപ്പെടെ മറ്റ് അഭിനേതാക്കളെയും മറ്റു പ്രധാന സാങ്കേതിക പ്രവർത്തകരെയും സംബന്ധിച്ച പ്രഖ്യാപനങ്ങൾ വരും ദിവസങ്ങളിൽ പുറത്തുവിടുമെന്ന് നിർമ്മാതാക്കൾ അറിയിച്ചു.



# അക്ഷയ് അജിത്തിന്റെ ദിൽ ഒരുങ്ങി, ചിത്രീകരണം ബാംഗ്ലൂരിൽ 6 ന് ആരംഭിക്കും

നടനും നിരവധി കവർ സോങ്ങുകളിലൂടെ ശ്രദ്ധേയനുമായ അക്ഷയ് അജിത്ത് സംവിധാനം ചെയ്ത് നായകനായി എത്തുന്ന ചിത്രം 'ദിൽ' ഈ മാസം 6 ന് ബാംഗ്ലൂരിൽ ചിത്രീകരണം ആരംഭിക്കും. പ്രണയത്തിനും പ്രതികാരത്തിനുമിടയിലെ മനശാസ്ത്രപരമായ പോരാട്ടമാണ് ചിത്രം പറയുന്നത്. മനുഷ്യബന്ധങ്ങളിലെ വിശ്വാസവും അവിശ്വാസവുമൊക്കെ പ്രമേയമായി വരുന്ന 'ദിൽ'ഒരു ഇമോഷണൽ സസ്പെൻസ് ത്രില്ലറാണ്. വിശ്വസിച്ച ഒരാളിൽ നിന്നുള്ള വഞ്ചന മറ്റൊരാളുടെ ജീവിതത്തെ എത്രമാത്രം തീവ്രമായി ബാധിക്കുമെന്ന യാഥാർത്ഥ്യമാണ് ചിത്രം ചൂണ്ടിക്കാട്ടുന്നതെന്ന് സംവിധായകനും നായകനുമായ അക്ഷയ് അജിത്ത് പറഞ്ഞു. മലയാളത്തിലെ ഒട്ടുമിക്ക ചിത്രങ്ങളിലും നിരവധി കഥാപാത്രങ്ങൾക്ക് ജീവൻ പകർന്ന അക്ഷയ് അജിത്ത് മലയാളം, തമിഴ് ഗാനങ്ങളുടെ കവർ സോങ്ങുകൾ ഒരുക്കി ദക്ഷിണേന്ത്യയിൽ അറിയപ്പെടുന്ന ഗായകനാണ്.

മലയാളത്തിലെ പ്രമുഖ താരങ്ങൾക്കു പുറമെ ഒട്ടേറെ നടീനടന്മാരെയും ഉൾപ്പെടുത്തിയാണ് ചിത്രം ഒരുങ്ങുന്നത്. ബാംഗ്ലൂരും കേരളവുമാണ് പ്രധാന ലൊക്കേഷനുകൾ.




ബാനർ: സിനി സൗത്ത് പ്രൊഡക്ഷൻസ്, നിർമ്മാണം സിനി സൗത്ത് പ്രൊഡക്ഷൻസ്,

സംവിധാനം: അക്ഷയ് അജിത്, കഥ:സജി ബേബി,ഛായാഗ്രഹണം: അജിത് തോമസ്,

അസോസിയേറ്റ് സംവിധായകർ: ജിൻസ് & മാർട്ടിൻ,സഹസംവിധായകർ: എൽദോസ്, ജെയിംസ്, ശരത്.

കലാസംവിധാനം: ജീവമോൻ,വസ്ത്രാലങ്കാരം: സൂര്യ.മേക്ക് അപ്പ്: റൊണക്സ് ,നൃത്തസംവിധാനം:പ്രമേഷ് ,ആക്ഷൻ സംവിധാനം: കലൈ കിങ്സ്റ്റൺ,

സംഗീതം: ഗോപി സുന്ദർ & സിവിൻഎഡിറ്റർ,അസിസ്റ്റന്റ്: ടൈറ്റസ്, പ്രൊഡക്ഷൻ കൺട്രോളർ: സജി പുതുപ്പള്ളി,പി.ആർ.ഒ.: പി.ആർ.സുമേരൻ, സ്റ്റിൽസ്: സന്തോഷ്

ലൊക്കേഷൻ മാനേജർമാർ: സുനിൽ & ബാബു. തുടങ്ങായവരാണ് ചിത്രത്തിന്റെ അണിയറ പ്രവർത്തകർ.

# പുതിയ ആൽഫാ 7 ആർ VI ക്യാമറ ഇന്ത്യയിൽ അവതരിപ്പിച്ചു




**കൊച്ചി:** സോണി ഇന്ത്യ പ്രശസ്തമായ ആൽഫാ 7ആർ സീരീസിലെ ഏറ്റവും പുതിയ മോഡലായ ആൽഫാ 7ആർ VI വിപണിയിൽ അവതരിപ്പിച്ചു. പ്രൊഫഷണൽ ഫോട്ടോഗ്രാഫർമാർക്കും ഫിലിം മേക്കർമാർക്കും മികച്ച ദൃശ്യമികവും അതിവേഗ പ്രവർത്തനക്ഷമതയും നൽകുന്ന രീതിയിലാണ് ഈ ഫുൾഫ്രെയിം മിറർലെസ് ക്യാമറ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ക്യാമറയോടൊപ്പം പ്രൊഫഷണൽ ഓഡിയോ റെക്കോർഡിംഗിനായി എക്സ്എൽആർഎ4 എക്സ്എൽആർ അഡാപ്റ്ററും സോണി വിപണിയിലെത്തിച്ചിട്ടുണ്ട്.

ക്യാമറയിൽ ഏകദേശം 66.8 മെഗാപിക്സൽ ബാക്ക്ഇലുമിനേറ്റഡ് ഫുള്ളി സ്റ്റാക്ക്ഡ് എക്സ്മോർ ആർഎസ്, സിഎംഒഎസ് സെൻസറും സോണിയുടെ ഏറ്റവും പുതിയ ബയോൺസ് എക്സ്ആർ2, ഇമേജ് പ്രൊസസിംഗ് എഞ്ചിനുമാണുള്ളത്. ഇത് 16 സ്റ്റോപ്സ് വരെയുള്ള ഡയനാമിക് റേഞ്ച് ഉറപ്പാക്കുന്നു.

ഇന്റഗ്രേറ്റഡ് എ.ഐ പ്രൊസസിംഗ് യൂണിറ്റ് ഉള്ളതിനാൽ മനുഷ്യരുടെ ശരീരഘടന തിരിച്ചറിഞ്ഞ് ട്രാക്ക് ചെയ്യാനും വേഗത്തിൽ ചലിക്കുന്ന കായികരംഗങ്ങൾ പോലുള്ളവ കൃത്യമായ ഫോക്കസോടെ പകർത്താനും ഇതിന് സാധിക്കും.

മുൻ മോഡലുകളേക്കാൾ 5.6 മടങ്ങ് വേഗതയേറിയ സെൻസർ റീഡ്ഔട്ട് ഉള്ളതിനാൽ ബ്ലാക്ക്ഔട്ട് ഇല്ലാതെ സെക്കൻഡിൽ 30 ഫ്രെയിമുകൾ വരെ വേഗതയിൽ തുടർച്ചയായി ചിത്രങ്ങൾ പകർത്താം.

5ആക്സിസ് ഒപ്റ്റിക്കൽ ഇമേജ് സ്റ്റെബിലൈസേഷൻ വഴി കൈകൾ ചലിച്ചാലും ചിത്രങ്ങൾ മങ്ങാതെ വ്യക്തതയോടെ ലഭിക്കും.

8കെ 30പി റേറ്റിലും ക്രോപ്പ് ചെയ്യാതെ ഫുൾ ഫ്രെയിമിൽ 4കെ 60പി, 120പി റേറ്റിലും വീഡിയോകൾ റെക്കോർഡ് ചെയ്യാം. മികച്ച ഹീറ്റ് മാനേജ്മെന്റ് സംവിധാനം ഉള്ളതിനാൽ തടസ്സമില്ലാതെ 120 മിനിറ്റ് വരെ 8കെ വീഡിയോകൾ ചിത്രീകരിക്കാൻ സാധിക്കും.

പുതിയ ഉയർന്ന ശേഷിയുള്ള എൻപിഎസ്എ100 ബാറ്ററി വഴി എൽ.സി.ഡി മോണിറ്റർ വഴി 710 ചിത്രങ്ങളും വ്യൂഫൈൻഡർ വഴി 600 ചിത്രങ്ങളും വരെ ഒറ്റ ചാർജിൽ എടുക്കാം. 4ആക്സിസ് മൾട്ടിആംഗിൾ എൽ.സി.ഡി മോണിറ്ററാണ് ഇതിലുള്ളത്. എ.ഐ നിർമ്മിത ചിത്രങ്ങളിൽ നിന്നും യഥാർത്ഥ ചിത്രങ്ങളെ തിരിച്ചറിയാൻ സോണിയുടെ 'ക്യാമറ ഓഥന്റിസിറ്റി സൊല്യൂഷൻ' ഇതിൽ ലഭ്യമാണ് 2026 ജൂലൈ 3 മുതൽ സോണി സെന്ററുകൾ, ഷോപ്പറ്റ്എസ്സി.കോം, ആമസോൺ എന്നിവയിലൂടെ ക്യാമറ ലഭ്യമാകും.

പരിമിത കാലയളവിലേക്കുള്ള പ്രത്യേക ഓഫറിന്റെ ഭാഗമായി ക്യാമറ വാങ്ങുന്ന ഉപഭോക്താക്കൾക്ക് 10,490 രൂപ വില വരുന്ന ഒരു എൻപിഎസ്എ100 ബാറ്ററി സൗജന്യമായി ലഭിക്കുന്നതാണ്. കൂടാതെ ആൽഫാ കമ്മ്യൂണിറ്റിയിൽ ക്യാമറ രജിസ്റ്റർ ചെയ്യുന്നതിലൂടെ 3 വർഷത്തെ വാറന്റിയും (2 വർഷത്തെ സ്റ്റാൻഡേർഡ് + 1 വർഷത്തെ അധിക വാറന്റി) മറ്റ് ആനുകൂല്യങ്ങളും ഉപഭോക്താക്കൾക്ക് നേടാം.

# ആദ്യ കാർ സ്വന്തമാക്കാൻ സുഹാന സഫർ' പദ്ധതിയുമായി എയു സ്മോൾ ഫിനാൻസ് ബാങ്ക്

**കൊച്ചി:** എയു സ്മോൾ ഫിനാൻസ് ബാങ്ക് മാരുതി സുസുക്കി ഇന്ത്യ ലിമിറ്റഡുമായി ചേർന്ന് സുഹാന സഫർ എന്ന വാഹന വായ്പ പദ്ധതിക്ക് തുടക്കം കുറിച്ചു. ഒരു റെക്കറിംഗ് ഡിപ്പോസിറ്റ് അധിഷ്ഠിത ഓട്ടോ ലോൺ സ്കീമാണിത്. ആൾട്ടോ കെ10, എസ്പ്രെസ്സോ, സെലേറിയോ, വാഗൺആർ എന്നീ മോഡലുകൾക്കാണ് ഈ ആനുകൂല്യം ലഭിക്കുക.

ആദ്യമായി കാർ വാങ്ങുമ്പോൾ നേരിടുന്ന പ്രധാന വെല്ലുവിളികളായ ഡൗൺ പേയ്മെന്റിനായുള്ള തുക കണ്ടെത്താനും പ്രതിമാസ ഇഎംഐ അടയ്ക്കാനുള്ള സാമ്പത്തിക ക്രമീകരണങ്ങളും ലളിതമാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഉപഭോക്താക്കൾ വാങ്ങാൻ ഉദ്ദേശിക്കുന്ന കാറിന്റെ ഇഎംഐക്ക് തുല്യമായ തുക 3 മുതൽ 6 മാസത്തെ കാലാവധിയിലേക്ക് എയു ബാങ്കിൽ റെക്കറിംഗ് ഡിപ്പോസിറ്റായി നിക്ഷേപിക്കണം. ഈ കാലയളവിൽ ആർഡി തുകയ്ക്ക് മികച്ച പലിശ ലഭിക്കും. കാലാവധി പൂർത്തിയാകുമ്പോൾ ഈ സമ്പാദ്യം ഡൗൺ പേയ്മെന്റായി കണക്കാക്കുകയും ബാക്കി തുക ബാങ്ക് വാഹന വായ്പയായി അനുവദിക്കുകയും ചെയ്യും. ഉപഭോക്താക്കൾക്ക് തിരിച്ചടവ് ശേഷി മുൻകൂട്ടി മനസ്സിലാക്കാനും മികച്ച സാമ്പത്തിക അച്ചടക്കം വളർത്തിയെടുക്കാനും സാധിക്കും.

# ആക്സിസ് നിഫ്റ്റി50 ഈക്വൽ വെയ്റ്റ്സ് ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ചു

**കൊച്ചി:** രാജ്യത്തെ പ്രമുഖ അസറ്റ് മാനേജ്മെൻറ് കമ്പനികളിലൊന്നായ ആക്സിസ് മ്യൂച്വൽ ഫണ്ട് പുതിയ ഫണ്ട് ഓഫറായ ആക്സിസ് നിഫ്റ്റി50 ഈക്വൽ വെയ്റ്റ്സ് ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ചു. നിഫ്റ്റി50 ഈക്വൽ വെയ്റ്റ് ഇൻഡക്സിനെ പിന്തുടരുന്ന ഈ ഓപ്പൺഎൻഡഡ് ഇൻഡക്സ് സ്കീം രാജ്യത്തെ മുൻനിര ബ്ലൂചിപ്പ് കമ്പനികളിൽ തുല്യ പങ്കാളിത്തത്തോടെ നിക്ഷേപം നടത്താൻ നിക്ഷേപകർക്ക് അവസരമൊരുക്കുന്നു.

നിഫ്റ്റി50 ഈക്വൽ വെയ്റ്റ് ടിആർഐ ട്രാക്ക് ചെയ്യുന്ന ഒരു ഓപ്പൺ എൻഡഡ് ഇൻഡക്സ് സ്കീമാണിത്. എൻഎഫ്ഒ കാലാവധി ജൂലൈ 03 മുതൽ ജൂലൈ 17 വരെയാണ്. കുറഞ്ഞ നിക്ഷേപ തുക 100 രൂപയും തുടർന്ന് 1 രൂപയുടെ ഗുണിതങ്ങളായും നിക്ഷേപിക്കാവുന്നതാണ്. നന്ദിക് മല്ലിക്, രോഹിത് ഗൗതം എന്നിവരാണ് ഫണ്ട് മാനേജർമാർ.

അലോട്ട്മെൻറ് ലഭിച്ച തീയതി മുതൽ 15 ദിവസത്തിനുള്ളിൽ നിക്ഷേപം പിൻവലിക്കുകയോ മാറ്റുകയോ ചെയ്താൽ 0.25 ശതമാനം എക്സിറ്റ് ലോഡ് ഈടാക്കും. 15 ദിവസത്തിന് ശേഷം എക്സിറ്റ് ലോഡ് ബാധകമല്ല.

പരമ്പരാഗത നിഫ്റ്റി 50 ഇൻഡക്സിൽ വലിയ കമ്പനികൾക്ക് അവരുടെ ഉയർന്ന മാർക്കറ്റ് ക്യാപിറ്റലൈസേഷൻ കാരണം കൂടുതൽ സ്വാധീനം ലഭിക്കുമ്പോൾ നിഫ്റ്റി50 ഈക്വൽ വെയ്റ്റ് ഇൻഡക്സ് അതിലെ എല്ലാ 50 കമ്പനികൾക്കും തുല്യമായ പ്രാധാന്യം നൽകുന്നു.

ഈക്വൽ വെയ്റ്റ് തന്ത്രങ്ങളോടുള്ള നിക്ഷേപകരുടെ താൽപ്പര്യം രാജ്യത്ത് അതിവേഗം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരം പാസീവ് തന്ത്രങ്ങളുടെ അസറ്റ് അണ്ടർ മാനേജ്മെന്റ് 201920 കാലഘട്ടത്തിലെ ഏകദേശം 100 കോടിയിൽ നിന്നും 202526 ആയപ്പോഴേക്കും ഏകദേശം 10,000 കോടിയായി ഉയർന്നു. സമാനമായ റിസ്ക് സാധ്യതകളിൽ നിഫ്റ്റി 50 ടിആർഐയേക്കാൾ മികച്ച പ്രകടനം നിഫ്റ്റി50 ഈക്വൽ വെയ്റ്റ് ടിആർഐ കാഴ്ചവെച്ചിട്ടുണ്ട്.

ആക്സിസ് നിഫ്റ്റി50 ഈക്വൽ വെയ്റ്റ് ഇൻഡക്സ് ഫണ്ടിലൂടെ രാജ്യത്തെ പ്രമുഖ ബ്ലൂചിപ്പ് കമ്പനികളുടെ വളർച്ചയിൽ കൂടുതൽ സമഗ്രവും വൈവിധ്യത്തോടെയും പങ്കാളികളാകാൻ നിക്ഷേപകർക്ക് അവസരം നൽകുന്നു. ലളിതവും സുതാര്യവുമായ നിക്ഷേപ മാർഗ്ഗങ്ങളിലൂടെ നിക്ഷേപകരുടെ ആവശ്യങ്ങൾ നിറവേറ്റാനാണ് ലക്ഷ്യമിടുന്നത്. നിക്ഷേപകർ തങ്ങളുടെ പ്രധാന പോർട്ട്ഫോളിയോകൾ കാര്യക്ഷമമായ പാസീവ് സൊല്യൂഷനുകളിലൂടെ മികച്ചതാക്കാൻ ആഗ്രഹിക്കുന്ന ഈ സമയത്ത് ഇത്തരം രീതികൾ ദീർഘകാലത്തേക്ക് മികച്ച മൂല്യം നൽകുമെന്ന് വിശ്വസിക്കുന്നുവെന്ന് ആക്സിസ് എഎംസി എംഡിയും സിഇഒയുമായ ബി ഗോപകുമാർ പറഞ്ഞു.

# എൽപിഎൽ 2026 കൊളംബോയിൽ തുടക്കമാകും

**കൊച്ചി:** ശ്രീലങ്കൻ ക്രിക്കറ്റ് ആരാധകർ ഏറെ ആകാംഷയോടെ കാത്തിരിക്കുന്ന ലങ്ക പ്രീമിയർ ലീഗിന്റെ ആറാം പതിപ്പിന് കൊളംബോയിലെ എസ്എസ്സി ഗ്രൗണ്ടിൽ തുടക്കമാകുന്നു. ടൂർണമെന്റിന്റെ ഇവൻറ് റൈറ്റ്സ് ഹോൾഡറായ ഐപിജി ഗ്രൂപ്പിന്റെ നേതൃത്വത്തിൽ വലിയ രീതിയിലുള്ള ഉദ്ഘാടന ചടങ്ങാണ് ഒരുക്കുന്നത്. ആഗോള കായിക മാമാങ്കങ്ങളുടെ മാതൃകയിൽ 500 ഡ്രോണുകൾ അണിനിരക്കുന്ന ദൃശ്യവിസ്മയമാണ് ഉദ്ഘാടന ദിവസത്തെ പ്രധാന ആകർഷണം. ലങ്ക പ്രീമിയർ ലീഗ് മത്സരങ്ങൾ കാണാനുള്ള ടിക്കറ്റുകൾ ജൂലൈ ഒന്ന് മുതൽ ബുക്ക് മൈ ഷോ വഴി ലഭ്യമാക്കിയിട്ടുണ്ട്.

500 ഡ്രോണുകൾ ഒരേസമയം ആകാശത്ത് വിസ്മയം തീർക്കുന്ന ഈ ഷോ, ശ്രീലങ്കൻ ക്രിക്കറ്റിന്റെയും ടൂർണമെന്റിൽ പങ്കെടുക്കുന്ന വിവിധ ഫ്രാഞ്ചൈസികളുടെയും ആവേശം പ്രതിഫലിപ്പിക്കുന്നതായിരിക്കും. ലോകത്തിലെ മുൻനിര ഫ്രാഞ്ചൈസി ലീഗുകളോട് കിടപിടിക്കുന്ന തരത്തിൽ സ്റ്റേഡിയത്തിലെ അനുഭവവും സംപ്രേഷണ നിലവാരവും വർദ്ധിപ്പിക്കാനാണ് തങ്ങൾ ലക്ഷ്യമിടുന്നതെന്ന് ഐപിജി ഗ്രൂപ്പ് വ്യക്തമാക്കി.

ലങ്ക പ്രീമിയർ ലീഗ് എന്നത് കേവലം ക്രിക്കറ്റിനെ കുറിച്ച് മാത്രമല്ലെന്നും ആരാധകർക്ക് മറക്കാനാവാത്ത ഒരു അനുഭവം സമ്മാനിക്കാൻ കൂടിയാണ് തങ്ങളുടെ ലക്ഷ്യമെന്നും ഐപിജി സ്ഥാപകനും ചെയർമാനുമായ അനിൽ മോഹൻ പറഞ്ഞു. 500 ഡ്രോണുകൾ തീർക്കുന്ന ദൃശ്യവിസ്മയത്തിലൂടെ ശ്രീലങ്കയിൽ ഒരു ആഗോള കായിക മേളയുടെ അനുഭൂതി ഒരുക്കും. മുഴുവൻ ജനങ്ങൾക്കും ഒരുപോലെ ആസ്വദിക്കാൻ കഴിയുന്ന തരത്തിലാണ് ഉദ്ഘാടന ചടങ്ങുകൾ ആസൂത്രണം ചെയ്തിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

കൊളംബോ എസ്എസ്സിയിൽ നടക്കുന്ന ആദ്യ എൽപിഎൽ മത്സരം ടൂർണമെന്റിന്റെ ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലാണെന്ന് ലങ്ക പ്രീമിയർ ലീഗ് ഡയറക്ടർ സാമന്ത ദൊദൻവേല പറഞ്ഞു. ക്രിക്കറ്റിനെയും വിനോദത്തെയും ഒന്നിപ്പിക്കുന്ന ഇത്തരം അനുഭവങ്ങൾ കൂടുതൽ ആളുകളെ എൽപിഎല്ലിലേക്ക് ആകർഷിക്കുമെന്നും ആരാധകരും കുടുംബങ്ങളും ഈ ആവേശത്തിന്റെ ഭാഗമാകണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

ശ്രീലങ്കൻ താരങ്ങളും അന്താരാഷ്ട്ര ടി20 പ്രതിഭകളും അണിനിരക്കുന്ന അഞ്ച് ശക്തമായ ഫ്രാഞ്ചൈസികളാണ് ഈ സീസണിൽ കിരീടത്തിനായി പോരാടുന്നത്.

# ഓൾകാർഗോ ഗ്ലോബൽ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്തു

**കൊച്ചി:** ഓൾ കാർഗോ ലോജിസ്റ്റിക്സ് ലിമിറ്റഡിൽ നിന്ന് രൂപം കൊണ്ട, സ്വതന്ത്ര കമ്പനിയായ ഓൾ കാർഗോ ഗ്ലോബൽ ലിമിറ്റഡ്, നാഷണൽ സ്റ്റോക് എക്സ്ചേഞ്ചിൽ എജിഎൽ എന്ന പേരിലും ബോംബെ സ്റ്റോക് എക്സ്ചേഞ്ചിൽ 544602 എന്ന കോഡ് നമ്പറിലും ലിസ്റ്റ് ചെയ്യപ്പെട്ടു. പ്രവർത്തനം കൂടുതൽ കാര്യ ക്ഷമമാക്കുന്നതിന്റെ ഭാഗമായി നാലു വർഷം മുമ്പ് ഓൾ കാർഗോ ഗ്രൂപ്പ് ആരംഭിച്ച വികേന്ദ്രീകരണം ഇതോടെ പൂർത്തിയായിരിക്കയാണ്.

ഓൾ കാർഗോ ഗ്ലോബൽ കൂടി ലിസ്റ്റ് ചെയ്യപ്പെട്ടതോടെ, തന്ത്ര പ്രധാനമായ നാലു ലിസ്റ്റഡ് കമ്പനികളാണ് ഓൾ കാർഗോ ഗ്രൂപ്പിന്റെ കീഴിൽ വരുന്നത്. രാജ്യാന്തര വിതരണ ശൃംഖല കൈകാര്യം ചെയ്യുന്ന ഓൾ കാർഗോ ഗ്ലോബൽ, ആഭ്യന്തര വിതരണ സംവിധാനം നിയന്ത്രിക്കുന്ന ഓൾ കാർഗോ ലോജിസ്റ്റിക്സ് ലിമിറ്റഡ്, കണ്ടെയ്നർ ചരക്കു ഗതാഗത കേന്ദ്രങ്ങളുടെ ചുമതലയുള്ള ഓൾ കാർഗോ ടെർമിനൽസ് ലിമിറ്റഡ്, ഗ്രൂപ്പിന്റെ വസ്തു വകകളും റിയൽഎസ്റ്റേറ്റും കൈകാര്യം ചെയ്യുന്ന ട്രാൻസ് ഇന്ത്യാ റിയൽ എസ്റ്റേറ്റ് ലിമിറ്റഡ് എന്നിവയാണ് ഈ കമ്പനികൾ.

ഇന്ത്യൻ വ്യാപാരം ലോക രാഷ്ട്രങ്ങളുമായി ബന്ധപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ നാലു പതിറ്റാണ്ടു മുമ്പ് ആരംഭിച്ച യാത്ര നാലു സ്വതന്ത്ര കമ്പനികളിലൂടെ ഇപ്പോൾ വിജയകരമായിത്തീർന്നിരിക്കുന്നുവെന്ന് ഓൾ കാർഗോ ഗ്രൂപ്പ് സ്ഥാപകനും ചെയർമാനുമായ ശശി കിരൺ ഷെട്ടി പറഞ്ഞു. അന്തർ ദേശീയ വിതരണ ശൃംഖലയുടെ ഭാഗമായ കമ്പനിയുടെ ബിസിനസിൽ നിർണ്ണായക ഘട്ടമാണിതെന്ന് ഓൾ കാർഗോ ഗ്ലോബൽ മാനേജിംഗ് ഡയറക്ടർ ആദർശ് ഹെഗ്ഡെ വിലയിരുത്തി.

നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ അംഗീകരിച്ച ഉടമ്പടി പ്രകാരം ഓൾ കാർഗോ ലോജിസ്റ്റിക്സ് ലിമിറ്റഡിന്റെ ഓഹരിയുടമകൾക്ക് 1 : 1 അനുപാതത്തിൽ ഓരോ ഓഹരിക്കും ഓൾ കാർഗോ ഗ്ലോബലിന്റെ ഒരു ഓഹരി കൂടി ലഭ്യമാകും.

സൊസൈറ്റി ടുഡേ
SOCIETY TODAY



# വിഴിഞ്ഞത്തെ വിദേശനിക്ഷേപം: ടിഐഎല്ലിൽ അമേരിക്കൻ, സിംഗപ്പൂർ കമ്പനികൾക്കും ഓഹരി

**തിരുവനന്തപുരം:** വിഴിഞ്ഞത്ത് 13,270 കോടിയുടെ വിദേശനിക്ഷേപം നടത്തുന്ന എംഎസ്‌സി കമ്പനിയുടെ തുറമുഖ ഓപ്പറേറ്റിങ് വിഭാഗമായ ടെർമിനൽ ഇൻവെസ്റ്റ്മെന്റ് ലിമിറ്റഡിൽ (ടിഐഎൽ) 20 ശതമാനം ഓഹരി അമേരിക്കൻ കമ്പനിയായ ബ്ലാക്ക് റോക്കിന്റെ നിയന്ത്രണത്തിലുള്ള ഗ്ലോബൽ ഇൻഫ്രാസ്ട്രക്ചർ പാർടേൺസിന്. 70 ശതമാനം ഓഹരി എംഎസ്‌സി കമ്പനിക്കും 10 ശതമാനം ഓഹരി സിംഗപ്പൂർ കമ്പനിയായ ജിഐസിക്കുമാണ്.

ഓഹരി കൈമാറ്റത്തിനുള്ള അനുമതിക്കായി അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് സർക്കാരിനു കത്തു നൽകി. ഈ ആവശ്യം ചീഫ് സെക്രട്ടറി ഉൾപ്പെട്ട മേൽനോട്ട സമിതി പരിശോധിച്ച് തുടർനടപടി സ്വീകരിക്കും.ടിഐഎല്ലിന്റെ സബ്സിഡിയറി കമ്പനിയായ മുണ്ടി ലിമിറ്റഡ് ആണ് വിഴിഞ്ഞത്ത് നിക്ഷേപം നടത്തുന്നതെന്നാണ് അദാനി ഗ്രൂപ്പ് സെബിക്കു നൽകിയ റിപ്പോർട്ടിൽ പറയുന്നത്. മുണ്ടി ലിമിറ്റഡുമായി ഓഹരി കൈമാറ്റത്തിന് ജൂൺ 29ന് കരാറിൽ ഏർപ്പെട്ടതായി 30നാണ് സെബിക്കു അറിയിപ്പ് നൽകിയിരിക്കുന്നത്. ഓഹരി വിൽപന പൂർത്തിയാക്കുന്നത് നിയമപരമായ അനുമതികളുടെ അടിസ്ഥാനത്തിലാണെന്നും കത്തിൽ പറയുന്നുണ്ട്. എന്നാൽ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെയാണ് ഓഹരി കൈമാറ്റ കരാറിൽ അദാനി ഗ്രൂപ്പ് ഏർപ്പെട്ടതെന്നും സർക്കാർ ഇതിന് അംഗീകാരം നൽകരുതെന്നും പ്രതിപക്ഷ നേതാവ് പിണറായി വിജയൻ ഇന്ന് ആവശ്യപ്പെട്ടിരുന്നു. കൺസഷൻ കരാറിന്റെ 5.3 വകുപ്പു പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടത് അനിവാര്യമാണെന്നും പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാട്ടിയിരുന്നു.

അതേസമയം, ഇന്ത്യൻ കമ്പനിയിൽ വിദേശനിക്ഷേപം വരുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചാണ് നീങ്ങുന്നതെന്നാണ് അദാനി ഗ്രൂപ്പ് വ്യക്തമാക്കുന്നത്. വിദേശ നിക്ഷേപ കമ്പനിയുമായി കരാർ ഒപ്പുവച്ച ശേഷം സെബിയെ അറിയിച്ച് പൊതുപ്രഖ്യാപനം നടത്തുകയെന്നതാണ് ആദ്യനടപടി. കൺസഷൻ കരാർ ഉണ്ടെങ്കിൽ ഇതിനു ശേഷമാണ് ബന്ധപ്പെട്ട അധികൃതരിൽനിന്ന് അനുമതി തേടേണ്ടത്. ഈ വിഷയത്തിൽ സംസ്ഥാനത്തിന്റെയും കേന്ദ്രത്തിന്റെയും അനുമതി ലഭിച്ച ശേഷം മത്രമേ ഓഹരികൾ കൈമാറി ഇടപാട് അവസാനിപ്പിക്കാൻ കഴിയുകയുള്ളു. തുറമുഖത്തിന്റെ വാണിജ്യ പ്രവർത്തനം തുടങ്ങി ഒരു വർഷം കഴിഞ്ഞാൽ 74 ശതമാനം വരെ ഓഹരി വിൽക്കാം എന്നാണ് കരാർ എന്നും അദാനി ഗ്രൂപ്പ് ചൂണ്ടിക്കാട്ടുന്നു.

# ഗൂഗിൾ പിഴയൊടുക്കണമെന്ന് യൂറോപ്യൻ കോടതി

**ലക്സംബർഗ് സിറ്റി:** ആൻഡ്രോയിഡ് മൊബൈൽ ഓപ്പറേറ്റിംഗ് സിസ്റ്റം ഉപയോഗിച്ച് വിപണിയിൽ മത്സരം ഇല്ലാതാക്കാൻ ശ്രമിച്ചതിന് ഗൂഗിളിന് ചുമത്തിയ കനത്ത പിഴ ശരിവച്ച് യൂറോപ്പിലെ കോടതി.

4.1 ബില്യൺ യൂറോ പിഴയൊടുക്കണമെന്ന് കോടതി ഉത്തരവിട്ടു. എട്ടു വർഷം മുൻപ് യൂറോപ്യൻ യൂണിയൻ ആൻറിട്രസ്റ്റ് റെഗുലേറ്റർമാർ ചുമത്തിയ റിക്കാർഡ് പിഴയ്ക്കെതിരേയുള്ള നിയമപോരാട്ടത്തിനു ശേഷമാണ് കോടതി വിധി.




യൂറോപ്യൻ കമ്മീഷൻ 2018ൽ ആദ്യം 4.34 ബില്യൺ യൂറോയാണ് ഗൂഗിളിന് പിഴ ചുമത്തിയത്. ആൻഡ്രോയിഡ് ഫോൺ നിർമാതാക്കൾ അവരുടെ ഫോണുകളിൽ ഗൂഗിൾ സെർച്ച്, ക്രോം ബ്രൗസർ, ഗൂഗിൾ പ്ലേ സ്റ്റോർ എന്നിവ മുൻകൂട്ടി ഇൻസ്റ്റാൾ ചെയ്യണമെന്നും, മറ്റ് എതിരാളികളുടെ ആൻഡ്രോയിഡ് സിസ്റ്റങ്ങൾ ഉപയോഗിക്കുന്നത് തടയണമെന്നും വ്യവസ്ഥ ചെയ്യുന്ന കരാറുകളിൽ ഒപ്പുവച്ചതിനാണ് യൂറോപ്യൻ കമ്മീഷൻ ആദ്യം പിഴ ചുമത്തിയത്.

യൂറോപ്യൻ യൂണിയൻറെ പിഴ ശിക്ഷയെ ചോദ്യം ചെയ്തതിനെത്തുടർന്ന് 2022ൽ ഒരു കീഴ്കോടതി ഈ പിഴ തുക 4.1 ബില്യൺ യൂറോയായി കുറച്ചിരുന്നു. ഇതിനെതിരേയാണ് ഗൂഗിൾ ലക്സംബർഗ് ആസ്ഥാനമായുള്ള യൂറോപ്യൻ യൂണിയന്റെ കോടതിയായ കോർട്ട് ഓഫ് ജസ്റ്റീസ് ഓഫ് ദി യൂറോപ്യൻ യൂണിയനിൽ അപ്പീൽ നല്കിയത്. ഈ അപ്പീൽ തള്ളിയ കോടതി യൂറോപ്യൻ യൂണിയന്റെ ആൻറിട്രസ്റ്റ് റെഗുലേറ്റർമാർക്ക് അനുകൂലമായി വിധി പ്രസ്താവിച്ചു. ഗൂഗിളും അതിന്റെ മാതൃകമ്പനിയായ ആൽഫബെറ്റും നൽകിയ അപ്പീൽ തള്ളിക്കളയുകയാണെന്ന് കോടതി വ്യക്തമാക്കി.

2018ലെ തീരുമാനപ്രകാരം തങ്ങൾ കരാറുകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്നും ഗൂഗിൾ വ്യക്തമാക്കി. കഴിഞ്ഞ പതിറ്റാണ്ടുകളിൽ വിവിധ ആൻറിട്രസ്റ്റ് നിയമലംഘനങ്ങളുടെ പേരിൽ ഏകദേശം 11 ബില്യൺ യൂറോയോളം പിഴയാണ് ഗൂഗിളിന് യൂറോപ്യൻ യൂണിയനിൽനിന്ന് ലഭിച്ചത്.

## കോമ്പൗണ്ട് റബറിന്റെ ഇറക്കുമതിയിൽ വൻ വർധന

**കോട്ടയം:** രാജ്യത്ത് കോമ്പൗണ്ട് റബറിന്റെ ഇറക്കുമതിയിൽ മുൻവർഷത്തെ അപേക്ഷിച്ചു വൻവർധനയും കയറ്റുമതിയിൽ നേരിയ വർധനയും രേഖപ്പെടുത്തി. 2023, 24 കാലയളവിൽ 1,69,820 ടൺ ഇറക്കുമതി ചെയ്തപ്പോൾ 2425ൽ 2,45,407 ടണ്ണായി ഉയർന്നു.

23, 24 അപേക്ഷിച്ച് 24, 25ൽ 44.5 ശതമാനത്തിന്റെ വർധനവാണ് രേഖപ്പെടുത്തിയത്. കഴിഞ്ഞവർഷമിത് 3,48,735 ടണ്ണായി വീണ്ടും ഉയർന്നു. 2425നേക്കാൾ 42.1 ശതമാനത്തിന്റെ വർധനവുണ്ടായി.

അതേസമയം കയറ്റുമതിയിൽ ചെറിയ വർധനവാണ് രേഖപ്പെടുത്തിയത്. 202324ൽ 18,069 ടൺ കോമ്പൗണ്ട് റബർ കയറ്റുമതി ചെയ്തപ്പോൾ 2425ൽ 17,085 ടണ്ണായി കുറഞ്ഞു.

മുൻവർഷത്തേക്കാൾ 5.4 ശതമാനം കുറവ്. 2526ൽ 12.7 ശതമാനം ഉയർന്ന് 19,261 ടൺ കോമ്പൗണ്ട് റബർ കയറ്റുമതി ചെയ്തതായും റബർ ബോർഡ് പുറത്തുവിട്ട സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ടിൽ പറയുന്നു.

വ്യാവസായിക ഉപയോഗത്തിനായി പ്രകൃതിദത്ത, അസംസ്കൃത റബറിനൊപ്പം രാസമിശ്രിതം ചേർത്തുതയാറാക്കുന്ന റബറാണ് കോമ്പൗണ്ട് റബർ.

## ആമസോൺ 48 ബില്യൺ ഡോളർ നിക്ഷേപിക്കും

**കൊച്ചി:** ഇന്ത്യയിൽ 2026 മുതൽ 2030 വരെ 48 ബില്യൺ ഡോളർ നിക്ഷേപിക്കുമെന്ന് ആമസോൺ പ്രഖ്യാപിച്ചു. ഇതിൽ 13 ബില്യൺ ഡോളർ ആർട്ടിഫിഷൽ ഇൻറലിജൻസ് (എഐ), ക്ലൗഡ് അടിസ്ഥാനസൗകര്യ വികസനത്തിനാണ്.

മുംബൈ, ഹൈദരാബാദ് എന്നിവിടങ്ങളിലെ എഡബ്ല്യുഎസ് ഡാറ്റാ സെൻററുകൾ വിപുലീകരിക്കും.

രാജ്യത്ത് 20ലധികം പുതിയ ഫുൾഫിൽമെൻറ് സെൻററുകളും നൂറിലധികം ലാസ്റ്റ് മൈൽ ഡെലിവറി സ്റ്റേഷനുകളും ആരംഭിക്കുമെന്ന് അധികൃതർ അറിയിച്ചു.



## ഇന്ത്യയിലെ ആദ്യത്തെ ക്വാണ്ടം കംപ്യൂട്ടറുകളിലൊന്ന് അമരാവതിയിൽ

**ഹൈദരാബാദ്:** ഇന്ത്യയിൽ സ്ഥാപിക്കുന്ന ആദ്യ രണ്ടു ഐബിഎം ക്വാണ്ടം കംപ്യൂട്ടറുകളിൽ ഒന്ന് ആന്ധ്രാപ്രദേശിൻറെ തലസ്ഥാനമായ അമരാവതിയിലായിരിക്കുമെന്ന് ഐബിഎം സിഇഒയും ചെയർമാനുമായ അരവിന്ദ് കൃഷ്ണ പറഞ്ഞു.

ഈ സിസ്റ്റം ഈ വർഷം സെപ്റ്റംബറോടെ പ്രവർത്തനസജ്ജമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ആഗോളതലത്തിൽ ഉപയോഗിക്കാവുന്ന ക്വാണ്ടം കംപ്യൂട്ടിംഗ് ആപ്ലിക്കേഷനുകൾ വികസിപ്പിക്കാൻ ശേഷിയുള്ള ഗണിതശാസ്ത്രഭൗതികശാസ്ത്ര പ്രതിഭകളുടെ വലിയൊരു നിര ഇന്ത്യയിലുള്ളതിനാലാണ് ഐബിഎം അമരാവതിയെ തെരഞ്ഞെടുത്തതെന്ന് അദ്ദേഹം വ്യക്തമാക്കി.

## ഡി വോൾ ടെക്നോളജി കേരളത്തിലും

**തിരുവനന്തപുരം:** ബഹുനില കെട്ടിട നിർമാണത്തിലെ അതിനൂതന സാങ്കേതികവിസ്മയം, ഡി വോൾ എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന ഡയഫ്രം വോൾ, ഇതാദ്യമായി കേരളത്തിലുമെത്തി.

തിരുവനന്തപുരം നഗരഹൃദയമായ ശാസ്തമംഗലത്ത് പ്രമുഖ ബിൽഡറായ അസറ്റ് ഹോംസ് നിർമിക്കുന്ന അസറ്റ് വിസ്മയം എന്ന പ്രീമിയം പാർപ്പിട പദ്ധതിയുടെ നിർമാണത്തിലാണ് ഡിവോൾ ടെക്നോളജി ആദ്യമായി എത്തിയിരിക്കുന്നത്.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com